പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2548

09.07.2015 ൽ
മറുപടിക്ക്

## പുഴ മുതൽ പുഴ വരെ പദ്ധതി

ചോദ്യം

ശ്രീ.സണ്ണി ജോസഫ്:
ശ്രീ.ഹൈബി ഈഡൻ :
ശ്രീ.കെ.മുരളീധരൻ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുഴ മുതൽ പുഴവരെ എന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | പുഴയെ അറിയുക ആദരിക്കുക എന്ന സന്ദേശം മുൻനിർത്തി ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നീ രണ്ട് നദികളിൽ ആരംഭിച്ച മാതൃകാ പദ്ധതിയാണ് പുഴ മുതൽ പുഴ വരെ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ നദീതീരങ്ങളുടെ സംരക്ഷണവും സൗന്ദര്യവത്കരണവുമാണ് ലക്ഷ്യമിടുന്നത്. നദീതീരങ്ങളിലെ കൈയ്യേറ്റം തടയുക, അനധികൃത മണൽ കടത്ത്, മലിനീകരണം തുടങ്ങി പൊതുസ്ഥലങ്ങൾ അന്യാധീനപ്പെടുത്തുന്ന പ്രവണതകൾക്ക് വിരാമമിട്ട് നദീസംരക്ഷണം, പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവെയ്പാണെന്ന ബോധം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്. |
| (സി) | നദികളുടെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിലാർ, പമ്പയാർ എന്നിവയുടെ സംരക്ഷണവും സൗന്ദര്യവത്കരണവുമാണ് പുഴ മുതൽ പുഴ വരെ പദ്ധതി ലക്ഷ്യമിടുന്നത്. വ്യത്യസ്ഥ ഭൂപ്രകൃതിയിൽ ലയിച്ചിട്ടുള്ള ഈ പുഴകളുടെ പ്രത്യേകതയ്ക്കും കാലാവസ്ഥയ്ക്കും മണ്ണിന്റെ ഘടനയ്ക്കും അനുസരിച്ചുള്ള നമ്മുടെ തദ്ദേശീയ വൃക്ഷങ്ങൾ (പേരാൽ, പ്ലാവ്, മാവ് തുടങ്ങിയവ) ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരി |

| | | | |
|---|---|---|---|
| | | | പാലിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഭാരതപ്പുഴ യുടെ 527 ഏക്കർ തീരവും അച്ചൻകോവിലാ റിന്റെ 9 ഏക്കർ തീരവുമാണ് പൈലറ്റ് പ്രോജക്ടായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരി ക്കുന്നത്. വരട്ടാറിലെ നീരൊഴുക്ക് പുനർജീ വിപ്പിക്കാനുള്ള നടപടിയും ഇതോടൊപ്പം ഉദ്ദേശിക്കുന്നു. ഭാരതപ്പുഴ, അച്ചൻകോവി-ലാർ, പമ്പയാർ എന്നിവയുടെ നീരൊഴുക്കിന് തടസം നിൽക്കുന്ന ചപ്പുചവറുകൾ, മാലിന്യങ്ങൾ, പുൽത്തട്ടുകൾ (നദികളുളളിൽ രൂപപ്പെട്ടത്), എക്കൽ എന്നിവ അടിയന്തിര മായി നീക്കം ചെയ്യുന്ന നടപടികളും ഉദ്ദേശിക്കുന്നു. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ എന്തെല്ലാം മോണിറ്റ-റിംഗ് സംവിധാനമാണ് ഒരുക്കി യിട്ടുള്ളത്? | (ഡി) | പദ്ധതി നടപ്പാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായും ILDM പ്രോഗ്രാം ഓഫീസർ നോഡൽ ഓഫീസറായും പത്തനംതിട്ട, മലപ്പുറം ജില്ലാ കളക്ടർമാർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ തുടങ്ങിയ ഒഫിഷ്യൽ അംഗങ്ങളും ശ്രീ.എബ്രഹാം മാത്യു, ശ്രീ.ചെറിയാൻ കോശി എന്നിവർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും, ഈ മോണിറ്ററിംഗ് സെൽ അംഗങ്ങൾ ഉൾപ്പെട്ട പാനൽ സർക്കാർ അംഗീകരിക്ക-കയും ചെയ്തിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |